Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

വിറ്റുവരവിന്റെ നിയമപരമായ പരിധി ഒന്നരക്കോടി രൂപയായി ഉയർത്തുന്നതിനുള്ള ഭേദഗതി ബിൽ സഭയുടെ പരിഗണനയിലാണ്.

(ഡി) ചെറുകിട വ്യാപാരികൾക്ക് ലളിതമായ നടപടിക്രമങ്ങൾ വിഭാവനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കോമ്പോസിഷൻ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. കോമ്പോസിഷൻ സ്കീമിൽ കുറഞ്ഞ നികുതി നിശ്ചയിച്ചിരിക്കുന്നതുമൂലം ചരക്കുകളും സേവനങ്ങളും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാകുവാൻ സഹായിക്കും.

**കൃത്രിമ ഉപകരണങ്ങൾക്ക് അമിത വാണിജ്യ നികുതി**

94(2443) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യശരീരത്തിലെ വിവിധ വൈകല്യങ്ങൾക്കും ശരീരഭാഗങ്ങൾക്കും പകരമായി ഉപയോഗിക്കുവാൻ കഴിയുന്ന കൃത്രിമ ഉപകരണങ്ങൾക്ക് അമിത വാണിജ്യ നികുതി ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഉപകരണങ്ങൾ വാണിജ്യ നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മനുഷ്യ ശരീരത്തിൽ ഉപയോഗിക്കുന്ന കൃത്രിമ ഉപകരണങ്ങൾക്ക് 5%, 12% ചരക്കുസേവനനികുതി ബാധകമാണ്. നികുതിനിരക്കിൽ മാറ്റം വരുത്തുന്നതിനോ ഒഴിവാക്കുന്നതിനോ ജി.എസ്.ടി. കൗൺസിലിന്റെ അനുമതി ആവശ്യമാണ്. ജി.എസ്.ടി. കൗൺസിൽ ഹിയറിംഗ് എയ്ഡ് പോലുള്ള ഉപകരണങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്.

**സ്വർണ്ണത്തിനും വജ്രത്തിനും നികുതി**

95(2444) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണത്തിനും, വജ്രത്തിനും നിലവിൽ എത്ര ശതമാനം നികുതിയാണ് ജി.എസ്.ടി. പ്രകാരം ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരികളെ ജി.എസ്.ടി. പരിധിയിൽ പൂർണ്ണമായും കൊണ്ടുവന്നിട്ടുണ്ടോ;

(സി) സ്വർണ്ണ വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും പിരിക്കുന്ന നികുതി കൃത്യമായും അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം വ്യക്തമാക്കുമോ;

(ഡി) സ്വർണ്ണ വ്യാപാരത്തിൽ ജി.എസ്.ടി. നടപ്പിലാക്കിയശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ ?